# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2358 — 12.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്.

**കെ.എസ്.എഫ്.ഇ. നടപ്പാക്കി വരുന്ന വിവിധ നിക്ഷേപ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>,, വി. അബ്ദുറഹിമാൻ<br>,, ഡി.കെ. മുരളി<br>,, വി. കെ. സി. മമ്മത് കോയ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് അൻപത് വർഷം വിജയകരമായി പൂർത്തീകരിച്ചിരിക്കുന്ന വേളയിൽ കെ.എസ്.എഫ്.ഇ.-യെ കൂടുതൽ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ; | (എ) | അൻപതാം വർഷത്തോടനുബന്ധിച്ച് കെ.എസ്.എഫ്.ഇ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സുവർണ്ണ ജൂബിലി ചിട്ടി പോലുള്ള സമ്മാനചിട്ടി പദ്ധതികൾ, കുടിശ്ശിക നിവാരണത്തിനായി ഇളവ് പദ്ധതി തുടങ്ങിയവ ഉപഭോക്താക്കൾക്കായി കമ്പനി സമർപ്പിക്കുകയുണ്ടായി. കൃത്യമായി തിരിച്ചടയ്ക്കുന്ന ഇടപാടുകാർക്ക് പുതിയ ചിട്ടിയിൽ ചേരുന്നതിന് 25,000/- രൂപ വരെ കമ്പനി പ്രദാനം ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിച്ചു. ഐക്യരാഷ്ട്രസഭ കരിമ്പട്ടികയിൽപ്പെട്ടുത്തിയ രാജ്യങ്ങൾ ഒഴികെ മറ്റ് രാജ്യങ്ങളിൽ വസിക്കുന്ന പ്രവാസി മലയാളികൾക്കായി ആരംഭിച്ച കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. ഈ സാമ്പത്തിക വർഷം 50,000/- കോടി രൂപയുടെ വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം ജീവനക്കാരുടെ മാനസികോല്ലാസത്തിനായി കലാ-കായിക മത്സരങ്ങൾ അടക്കം നിരവധി പരിപാടികൾ ആവിഷ്ക്കരിക്കുകയുണ്ടായി. കോർപ്പറേറ്റ് ഓഫീസും, 6 റീജിയണൽ ഓഫീസുകളും 150 ഓളം ശാഖകളും സ്മാർട്ട് ഓഫീസുകളായി പരിവർത്തിപ്പിക്കുകയുണ്ടായി. ആഭ്യന്തര ചിട്ടികളിൽ പ്രവാസി ചിട്ടികളിൽ എന്ന പോലെ സാങ്കേതിക മാറ്റങ്ങൾ കൊണ്ടു വരാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു കഴിഞ്ഞിരിക്കുന്നു. ഇതെല്ലാം സർക്കാരിന്റെ പിന്തുണയോടുകൂടിയാണ് നടക്കുന്നത്. |

<table>
<tr><td>(ബി)</td><td>ചിട്ടിക്ക് പുറമേ കെ.എസ്.എഫ്. ഇ. നടപ്പാക്കി വരുന്ന വിവിധ നിക്ഷേപ പദ്ധതികൾ ഏതൊക്കെയാണ്;</td><td>(ബി)</td><td>ചിട്ടിയ്ക്കു പുറമെ കെ.എസ്.എഫ്.ഇ നടപ്പാക്കി വരുന്ന നിക്ഷേപ പദ്ധതികൾ ഇപ്രകാരമാണ്.<br>1. സ്ഥിര നിക്ഷേപ പദ്ധതി:- ഒരു വർഷം മുതൽ 3 വർഷം വരെയുള്ള കാലാവധിയിൽ 7% പലിശ നിരക്കിലുള്ള (മുതിർന്ന പൗരന്മാർക്ക് 8%) നിക്ഷേപ പദ്ധതി. ചിട്ടി പ്രൈസ് സംഖ്യ നിക്ഷേപിക്കുമ്പോൾ 7.5% പലിശ ലഭിക്കുന്നു.<br>2. ഹ്രസ്വകാല നിക്ഷേപ പദ്ധതി:- 30 ദിവസം മുതൽ 364 ദിവസം വരെയുള്ള കാലാവധിയിൽ 3.25% മുതൽ 5.5% വരെ പലിശ നിരക്കിലുള്ള പദ്ധതി.<br>3. സുഗമ സമ്പാദ്യ പദ്ധതി:- പ്രവർത്തനം കൊണ്ടു ബാങ്കുകളിലെ സേവിംഗ്സ് അക്കൗണ്ടുകളുമായി സമാനത പുലർത്തുന്ന പദ്ധതിയാണിത്. 5.5% ആണ് പലിശ നിരക്ക്. ചിട്ടിത്തവണകൾ അടയ്ക്കുന്നതിനും സ്ഥിര നിക്ഷേപ പലിശ മാറ്റുന്നതിനും മറ്റ് ദൈനംദിന ഇടപാടുകൾക്കും ഈ പദ്ധതി സുരക്ഷിതമായ ഒരു മാർഗ്ഗമാണ്.<br>4. ഡെപ്പോസിറ്റ് ഇൻ ട്രസ്റ്റ് പദ്ധതി:- ഇത് ചിട്ടി വരിക്കാർക്കു മാത്രമായി തയ്യാറാക്കിയ പദ്ധതിയാണ്. ചിട്ടിയുടെ ഭാവി ബാധ്യതയ്ക്കു തുല്യമായ സംഖ്യ ചിട്ടി പ്രൈസ് സംഖ്യയിൽ നിന്ന് ചിറ്റാളൻ മാറ്റി വച്ച് ചിട്ടിക്കു ജാമ്യമായി നിക്ഷേപിക്കാവുന്ന പദ്ധതി. നിലവിൽ 8% ആണ് പലിശ നിരക്ക്.<br>5. സുഗമ സെക്യൂരിറ്റി നിക്ഷേപ പദ്ധതി:- ചിട്ടിക്കു ജാമ്യമായി സ്വീകരിക്കാവുന്ന സുഗമ നിക്ഷേപ പദ്ധതിയാണിത്. 5.5% ആണ് പലിശ നിരക്ക്.</td></tr>
<tr><td>(സി)</td><td>കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനത്തിലൂടെ എത്ര തുക കിഫ്ബിയിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>കെ.എസ്.എഫ്.ഇ -യിൽ നിന്നും കിഫ്ബി ബോണ്ടുകളിലുള്ള നിക്ഷേപങ്ങളുടെ വിവരം (10.02.2020 തീയതിയിലെ കണക്കുകൾ പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.<br><table><tr><th>ഇനം</th><th>തുക</th></tr><tr><td>കെ.എസ്.എഫ്.ഇ സെക്യൂരിറ്റി ബോണ്ട് (പ്രവാസി ചിട്ടി)</td><td>21.198 കോടി</td></tr><tr><td>കെ.എസ്.എഫ്.ഇ ഡെപ്പോസിറ്റ് ബോണ്ട് (പ്രവാസി</td><td>76.76 കോടി</td></tr></table></td></tr>
</table>

| | | | |
|---|---|---|---|
| | | | ചിട്ടി) \| <br> ആകെ \| 97.958 കോടി |
| (ഡി) | കെ.എസ്.എഫ്.ഇ. കുടുംബശ്രീ യുമായി ചേർന്ന് സാധാരണക്കാ രായ സ്ത്രീകൾക്ക് പരസ്പര ജാമ്യത്തിൽ ചിട്ടി തുടങ്ങുന്നതി നുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കുടുംബശ്രീയുമായി ചേർന്ന് പ്രത്യേക ചിട്ടി നടത്തുന്നതിനുള്ള പദ്ധതി കെ.എസ്.എഫ്.ഇ യുടെ അജണ്ടയിലുണ്ട്. അതിന്റെ വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല. അതിനു വേണ്ടിയുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ